നമ്പർ PL(1)/77458/2016/DPI

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
ജഗതി, തിരുവനന്തപുരം.
തീയതി: 13.02.2017

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 'സ്കൂൾ സ്ഥാപിത വർഷം' (എസ്റ്റാബ്ലിഷ്ഡ് ഇയർ) സമ്പൂർണ്ണയിൽ അപ്ഡേറ്റ് ചെയ്യുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ-ലെ നമ്പർ കത്ത്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ വിദ്യാലയവും സ്ഥാപിച്ച വർഷം, സ്കൂൾ സ്ഥിതി ചെയ്യുന്ന അസംബ്ളി നിയോജകമണ്ഡലം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി 'സമ്പൂർണ്ണ' സോഫ്റ്റ്വെയറിൽ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. സമ്പൂർണ്ണയിൽ ലോഗിൻ ചെയ്തശേഷം ഡാഷ്ബോർഡിൽ ലഭ്യമായിട്ടുള്ള സ്കൂൾ ഡീറ്റെയിൽസ് എന്ന ലിങ്കിൽ സ്കൂൾ എസ്റ്റാബ്ലിഷ്ഡ് ഇയർ, കൂടാതെ മറ്റ് അടിസ്ഥാന വിവരങ്ങളും ചേർക്കേണ്ടതാണ്. നൽകിയിട്ടുള്ള വിവരങ്ങൾ ശരിയെന്നുറപ്പുവരുത്തി സേവ് ചെയ്യേണ്ടതാണ്. 20.02.2017-ന് മുമ്പായി പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

സ്കൂൾ പ്രഥമാധ്യാപകുരടെ ഉത്തരവാദിത്വത്തിൽ ടി പ്രവർത്തനങ്ങൾ നടത്തേണ്ടതും എ.ഇ.ഒ/ഡി.ഇ.ഒ അവരവരുടെ അധികാരപരിധിയിലുള്ള എല്ലാ സ്കൂളുകളിലും വിശദാംശങ്ങൾ സമയബന്ധിതമായി സമ്പൂർണയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ സർക്കാർ/എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും
(എ.ഇ.ഒ/ഡി.ഇ.ഒ മുഖേന)

പകർപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്